## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 446. 11.06.2013 ൽ മറുപടിയ്ക്ക്

**അനധികൃതമായി 'കേരള സർക്കാർ' എന്ന ബോർഡ് വയ്ക്കുന്ന വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ. പി. റ്റി. എ. റഹീം | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) കേരള സർക്കാർ എന്ന ബോർഡ് അനധികൃതമായി വയ്ക്കുന്ന വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുന്നത് സംബന്ധിച്ച് ഈ നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ച നക്ഷത്രചിഹ്നമിടാത്ത 506-ാം നമ്പർ ചോദ്യത്തിന് മറുപടി നൽകിയതിന് ശേഷം നിയമവിരുദ്ധമായി വാഹനങ്ങളിൽ കേരള സർക്കാർ എന്ന ബോർഡ് വെച്ച എത്ര വാഹനങ്ങളുടെ പേരിൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ; | (എ) | 11 ഓളം വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കേരള സർക്കാർ എന്ന ബോർഡു വയ്ക്കാൻ ഏതെല്ലാം വിഭാഗത്തിലെ വാഹനങ്ങൾക്കാണ് അധികാരമുള്ളത് ; | (ബി) | സംസ്ഥാന മന്ത്രിമാർക്കും, തത്തുല്യ പദവി വഹിക്കുന്നവർക്കും നൽകിയിട്ടുള്ള വാഹനങ്ങളിൽ മാത്രമേ കേരള സർക്കാർ എന്ന ബോർഡ് വയ്ക്കുവാൻ അധികാരമുള്ളൂ. |
| (സി) കോഴിക്കോട് ജില്ലയിൽ KL-01-BE-2016, KL-13-W- 9999 എന്നീ രജിസ്റ്റർ നമ്പരുള്ള വാഹനങ്ങൾ കേരള സർക്കാർ എന്ന ബോർഡ് സ്ഥാപിച്ച് ഓടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇത്തരം വാഹന ഉടമകൾക്കെതിരെ 1988 ലെ മോട്ടോർവാഹന നിയമത്തിലെ സെക്ഷൻ 177 പ്രകാരം നടപടി സ്വീകരിക്കുമോ ; | (ഡി) | അനധികൃതമായി കേരള സർക്കാർ ബോർഡ് വയ്ക്കുന്ന വാഹനങ്ങൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ സെക്ഷൻ 177 പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) കേരള സർക്കാർ എന്ന ബോർഡ് വെച്ച് അസമയത്തും ദുരൂഹ സാഹചര്യങ്ങളിലും വാഹനങ്ങൾ കാണപ്പെടുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.